# കിൻഫ്ര ഗ്ലോബൽ ആയുർവേദ വില്ലേജ്, വർക്കല

## ദർഘാസ്/ലേല പരസ്യം

**KINFRA/GAV/AUCTION/02/2021-22** **18/09/2021**

തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ കിൻഫ്രയുടെ അധീനതയിലുള്ള ഗ്ലോബൽ ആയുർവേദ വില്ലേജിൽ (30.93 ഏക്കർ കമ്പിവേലി കെട്ടിത്തിരിച്ച സ്ഥലം) നിൽക്കുന്ന എണ്ണപ്പന, തെങ്ങ് എന്നിവയിൽ നിന്നും ഒരു വർഷ കാലയളവിൽ ആദായം എടുക്കുന്നതിനുള്ള അവകാശം നേടുന്നതിനുവേണ്ടി മുദ്രവച്ച ടെൻഡറുകൾ ക്ഷണിക്കുന്നു. ഈ ദർഘാസ്/ലേലത്തിന്റെ അടിസ്ഥാന വിലയായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത് **9,99,154/-** രൂപയാണ്.

ടെൻഡറിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ നിർദ്ദിഷ്ട ഫോറത്തിനായി കിൻഫ്രയുടെ തിരുവനന്തപുരം ശാസ്തമംഗലത്തുള്ള ഓഫീസിൽ (***KINFRA, KINFRA House, TC 31/2312, Sasthamangalam, Trivandrum-695010***) സമീപിക്കേണ്ടതാണ്. **20/09/2021** മുതൽ **04/10/2021** വരെ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 9.30നും വൈകുന്നേരം 5.00നും ഇടയിൽ അപേക്ഷയോടൊപ്പം തിരിച്ചറിയൽ രേഖയും **2358/-** രൂപയും (മടക്കിനൽകാത്ത തുക) അടച്ച് നിർദ്ദിഷ്ട ദർഘാസ് ഫോറം വാങ്ങാവുന്നതാണ്.

ശരിയായി പൂരിപ്പിച്ച ടെൻഡറുകൾ **14,987/-** രൂപ നിരതദ്രവ്യത്തോടൊപ്പം (EMD) ***"The Managing Director, KINFRA, KINFRA House, TC 31/2312, Sasthamangalam, Trivandrum-695010"*** എന്ന മേൽവിലാസത്തിൽ **05/10/2021-ന് ഉച്ചയ്ക്ക് 1.00 മണിക്ക്** മുമ്പായി കിൻഫ്രയുടെ തിരുവനന്തപുരം ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ടെണ്ടർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ് (തപാലിൽ അയക്കുന്ന ദർഘാസുകൾ കിൻഫ്ര ഓഫീസിൽ സ്വീകരിക്കുന്ന സമയം കവറിൽ രേഖപ്പെടുത്തി ബോക്സിൽ നിക്ഷേപിക്കുന്നതാണ്. തപാൽ സംബന്ധമായ യാതൊരു താമസങ്ങൾക്കും കിൻഫ്ര ഉത്തരവാദിയായിരിക്കില്ല.

നിരതദ്രവ്യം നാഷണലൈസ്സ് അഥവാ ഷെഡ്യൂൾഡ് ബാങ്ക് വഴി എടുത്ത, മാനേജിങ് ഡയറക്ടർ, കിൻഫ്രയുടെ പേരിലുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് ആയി വേണം സമർപ്പിക്കേണ്ടത്. നിർദ്ദിഷ്ട സമയത്തിന് ശേഷം ലഭിക്കുന്നതും മതിയായ നിരതദ്രവ്യം സമർപ്പിക്കാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

ടെൻഡർ സമർപ്പിച്ച ലേലക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് **05/10/2021-ന് വൈകുന്നേരം 3.00 മണിക്ക്** തിരുവനന്തപുരം കിൻഫ്ര ഓഫീസിൽ ലേലം നടത്തുന്നതാണ്. അതിനുശേഷം ടെൻഡറുകൾ തുറക്കുകയും ടെൻഡറിലോ പരസ്യ ലേലത്തിലോ ഉയർന്ന തുക രേഖപ്പെടുത്തുന്നയാൾക്ക് സ്ഥാപന മേലധികാരിക്ക് യുക്തമെന്ന് ബോധ്യപ്പെടുന്നപക്ഷവും ടെൻഡർ വ്യവസ്ഥകൾക്ക് വിധേയമായി ലേലം സ്ഥിരപ്പെടുത്തുന്നതാണ്.

നിബന്ധനകളും വ്യവസ്ഥകളും ടെൻഡർ ഫോറത്തിൽ അടങ്ങിയിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും വിശദീകരണങ്ങൾക്കുമായി ഈ നമ്പറിൽ ബന്ധപ്പെടുക: 0471-2726585/9447459265

ഒപ്പ്
മാനേജിംഗ് ഡയറക്ടർ
കിൻഫ്ര